## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6278 — 11-07-2012 ൽ മറുപടിയ്ക്ക്

## ജനകീയ സിവിൽ സർവ്വീസ്

**ചോദ്യം**

ശ്രീ. എം. പി. വിൻസെന്റ്

(എ) ജീവനക്കാരുടെ കാര്യക്ഷമത ഉയർത്താൻ മാതൃകാപരമായ ഒരു നയം രൂപീകരിക്കുമോ;

(ബി) ജനകീയ സിവിൽ സർവ്വീസ് എന്ന ആശയം പ്രാവർത്തികമാക്കാൻ ജീവനക്കാർക്ക് പരിശീലനം നൽകുമോ;

(സി) പോലീസ് ക്യാന്റീൻ മാതൃകയിൽ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു ക്യാന്റീൻ സംവിധാനം ഏർപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
( മുഖ്യമന്ത്രി)

(എ) & (ബി) ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതു ലക്ഷ്യമിട്ട് അവർ സർവ്വീസിൽ പ്രവേശിക്കുന്നതു മുതൽ സർക്കാർ സേവനത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെടുത്തി ഘട്ടം ഘട്ടമായി പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ, സർവ്വീസ് കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി 'സേവനാവകാശ നിയമം' നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ